തഫ്സൽ ഇഅ്ജാസ്

# ഹദീസും പുരോഗമനോന്മുഖ സമൂഹത്തിന്റെ നിർമാണവും

**ഖുർആനും** സുന്നത്തുമില്ലാതെ ഫലപ്രദമായ ഒരു ജീവിതം സാധ്യമല്ല എന്ന് നമ്മൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഖുർആൻ സുന്നത്തിനെ അനിവാര്യമാക്കുന്നു, സുന്നത്ത് ഖുർആനെയും. ഖുർആന്റെ പ്രായോഗികതയുടെയും ഫലവൈഭവത്തിന്റെയും അത്യുൽകൃഷ്ടമായ സാക്ഷാൽക്കാരമാണ് സുന്നത്ത്. 23 വർഷങ്ങളിലായി ഖുർആൻ ഇറക്കപ്പെടുകയും സുന്നത്ത് ചരിത്രത്തിൽ രചിക്കപ്പെടുകയുമാണ് ചെയ്തത്. ഈ അവതരണവും രചനയുമാണ് ഇസ്ലാമിക ജീവിതത്തിന്റെ കാതൽ. സുന്നത്തിലൂടെ അല്ലാഹു മനുഷ്യസമൂഹത്തെ ആദരിച്ചു. അല്ലാഹുവിന്റെ വചനങ്ങളെ സാക്ഷാൽക്കരിക്കാൻ മനുഷ്യർക്ക് അവസരം നൽകി. ഇതിലൂടെ ചരിത്രത്തിന്റെ ഗതി എന്നെന്നേക്കുമായി തിരുത്തപ്പെട്ടു. നുബുവ്വത്തിന്റെ കാലഘട്ടത്തിലെ ഓരോ സംഭവത്തിലും അല്ലാഹുവിന്റെ വചനത്തിളക്കം ദർശിക്കാനാവും. സുന്നത്ത് എന്നത്, നമ്മുടെ ജീവിതത്തിലും പ്രവർത്തനങ്ങളിലും അവലംബിക്കേണ്ട ഒരു മാതൃക മാത്രമല്ല; അതിനുമപ്പുറം, റസൂലിന്റെ കാലത്തെ സുന്നത്തിന്റെ സ്ഥാപനം സൃഷ്ടിച്ചുവിട്ട സാമൂഹിക-നാഗരിക-ആത്മീയ ശക്തി പ്രവാഹങ്ങൾ, തുടർന്നുള്ള ഓരോ ചരിത്രസംഭവത്തിലും നിർണായക സ്വാധീനം ചെലുത്തുന്നത് കൂടിയാണ്. നിഷേധിയും ധിക്കാരിയുമായ മനുഷ്യൻ തന്റെ താന്തോന്നിത്തത്തിന്റെ ഫലമായി ചരിത്രത്തിലെ ഓരോ ഘട്ടത്തിലും വഴിമുട്ടി നിൽക്കുമ്പോൾ അവന്റെ മുമ്പിലുള്ള ഏക വഴിയാണ് സുന്നത്ത്. പക്ഷേ അവൻ അത് സ്വീകരിക്കാൻ കൂട്ടാക്കുന്നില്ല. അങ്ങനെ നാശത്തിൽനിന്ന് നാശത്തിലേക്ക് ജനങ്ങൾ നീങ്ങുന്നു.

സുന്നത്ത് ഖണ്ഡിതമാണ്. റസൂലിന്റെ കാലത്ത് അത് സ്ഥാപിക്കപ്പെട്ടു. ഖുർആൻ ഒരു ഗ്രന്ഥത്തിന്റെ രൂപത്തിലും, കൂടുതൽ ആഴത്തിൽ പര്യാലോചിക്കുകയാണെങ്കിൽ ബാഹ്യ പ്രപഞ്ചത്തിന്റെയും ഉൾപ്രപഞ്ചത്തിന്റെയും രൂപത്തിലും നമുക്ക് ലഭ്യമായിട്ടുണ്ട്. എന്നാൽ സുന്നത്ത് എങ്ങനെയാണ് നമുക്ക് ലഭ്യമായിട്ടുള്ളത്? പലരുടെയും കാഴ്ചപ്പാടിൽ അത് ഹദീസ് ഗ്രന്ഥങ്ങളുടെ രൂപത്തിലാണ്. ഹദീസുകളിലുള്ളത്, നബി(സ)യുടെ കാലത്തെ സംസാരങ്ങളും പ്രവർത്തനങ്ങളും നിവേദനം ചെയ്യപ്പെട്ടതാണ്. ഹദീസുകളുടെ പ്രാമാണികതയും വസ്തുനിഷ്ഠതയും പരിശോധിച്ച് വ്യക്തമാക്കാനുള്ള മുസ്ലിം ധിഷണാശാലികളുടെ വൈജ്ഞാനിക പ്രവർത്തനങ്ങളും ലോക ചരിത്രത്തിലെത്തന്നെ വൈജ്ഞാനിക-ഗവേഷണ പ്രവർത്തനങ്ങ



**തലമുറകളിലൂടെ കൈമാറി ലഭിച്ച ജീവിത മാതൃകയുടെയും സംസ്കാരത്തിന്റെയും രൂപത്തിൽ തന്നെയാണ് സുന്നത്ത് പ്രഥമമായും ലഭിച്ചിട്ടുള്ളത്. എന്നാൽ ചരിത്രത്തെയും പാരമ്പര്യത്തെയും വിലകുറച്ച് കാണുകയും അവഗണിക്കുകയും ചെയ്യുന്നവർക്ക് ഇത് തിരിച്ചറിയാനാവില്ല. അവർ സുന്നത്തിനെ ഏട്ടിൽ കിടക്കുന്ന ഒന്നായി മാത്രമേ കാണൂ. അങ്ങനെ ഏട്ടിലുള്ളതിനെ അവയുടെ മൗലികസത്തയെയും അവയിൽ സംഭരിക്കപ്പെട്ടിട്ടുള്ള സാമൂഹിക യാഥാർഥ്യങ്ങളെയും തീരെ കാണാൻ കഴിയാതെ, വളരെ ഉപരിപ്ലവമായി വായിക്കുന്നു, അടിച്ചേൽപിക്കാൻ ശ്രമിക്കുന്നു. ഈയൊരു സമീപനമില്ലാത്തവരെയെല്ലാം വളരെ അസഹിഷ്ണുതയോടു കൂടി കാണുന്നു. മതത്തോട് സ്വീകരിക്കാവുന്ന ഏറ്റവും അന്തസ്സാരശൂന്യമായ നിലപാടാണിത്. ബോധപൂർവമായോ അല്ലാതെയോ സുന്നത്തിനെ കൂച്ചുവിലങ്ങിട്ട് അതിന്റെ പ്രയോഗക്ഷമത കെടുത്തിക്കളയുകയാണ് ഇവർ ചെയ്യുന്നത്.**

ളിൽ ഏറ്റവും മുന്തിനിൽക്കുന്ന ഒന്നാണ്. അതിന്റെ കണ്ടെത്തലുകളെ നിഷേധിക്കുക എന്നത്, ലോകത്ത് ഇന്നുവരെ നടപ്പിലുള്ള സകല വൈജ്ഞാനിക കണ്ടുപിടിത്തങ്ങളെല്ലാം നിരാകരിക്കുന്നതിനെക്കാൾ എത്രയോ അസംബന്ധമാണ്. എന്നിരിക്കിലും, സുന്നത്ത് ലഭ്യമായിട്ടുള്ളത് ഹദീസ് ഗ്രന്ഥങ്ങളുടെ രൂപത്തിൽ മാത്രമല്ല. സുന്നത്ത് നമ്മളിലേക്ക് എത്തിപ്പെട്ടിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട മാധ്യമവും ഹദീസ് ഗ്രന്ഥങ്ങളല്ല. സുന്നത്ത് ജീവിത ചര്യയാണ്. അതിനാൽതന്നെ തലമുറകളിലൂടെ കൈമാറി ലഭിച്ച ജീവിത മാതൃകയുടെയും സംസ്കാരത്തിന്റെയും രൂപത്തിൽ തന്നെയാണ് സുന്നത്ത് പ്രഥമമായും ലഭിച്ചിട്ടുള്ളത്. എന്നാൽ ചരിത്രത്തെയും പാരമ്പര്യത്തെയും വില കുറച്ച് കാണുകയും അവഗണിക്കുകയും ചെയ്യുന്നവർക്ക് ഇത് തിരിച്ചറിയാനാവില്ല. അവർ സുന്നത്തിനെ ഏട്ടിൽ കിടക്കുന്ന ഒന്നായി മാത്രമേ കാണൂ. അങ്ങനെ ഏട്ടിലുള്ളതിനെ അവയുടെ മൗലികസത്തയെയും അവയിൽ സംഭരിക്കപ്പെട്ടിട്ടുള്ള സാമൂഹിക യാഥാർഥ്യങ്ങളെയും തീരെ കാണാൻ കഴിയാതെ, വളരെ ഉപരിപ്ലവമായി വായിക്കുന്നു, അടിച്ചേൽപിക്കാൻ ശ്രമിക്കുന്നു. ഈയൊരു സമീപനമില്ലാത്തവരെയെല്ലാം വളരെ അസഹിഷ്ണുതയോടു കൂടി കാണുന്നു. മതത്തോട് സ്വീകരിക്കാവുന്ന ഏറ്റവും അന്തസ്സാരശൂന്യമായ നിലപാടാണിത്. ബോധപൂർവമായോ അല്ലാതെയോ സുന്നത്തിനെ കൂച്ചുവിലങ്ങിട്ട് അതിന്റെ പ്രയോഗക്ഷമത കെടുത്തിക്കളയുകയാണ് ഇവർ ചെയ്യുന്നത്.

റസൂലിനോടൊപ്പമുള്ള ഉൽകൃഷ്ട തലമുറ നമുക്ക് പഠിപ്പിച്ചുതന്ന മാതൃക ഇതല്ല. സുന്നത്തിനോട് ഏറ്റവും ക്രിയാത്മകമായ സമീപനമാണ് അവർ സ്വീകരിച്ചത്. ഖുർആന്റെ വായനയെ നവംനവങ്ങളായ തലങ്ങളിലേക്ക് വായിച്ച് വികസിപ്പിക്കുന്നത് പോലെതന്നെ സുന്നത്തിന്റെ ചരിത്രത്തിൽ കാലാനുസൃതമായി നിരന്തരം രചിക്കുന്ന ഒരു രീതിശാസ്ത്രം അവർ സ്വീകരിച്ചു. ഉദാഹരണത്തിന്, പ്രവാചകന്റെ കാലത്തെ യുദ്ധത്തിൽ പിടിച്ചടക്കപ്പെട്ട പ്രദേശങ്ങൾ മുസ്‌ലിം യോദ്ധാക്കൾക്കിടയിൽ ഭാഗിക്കപ്പെട്ടിരുന്നു. ഇത് നബിയുടെ സുന്നത്താണെന്നത് സർവാംഗീകൃതമായ വസ്തുതയായിരുന്നു. എന്നിട്ടും ഉമർ(റ) അദ്ദേഹത്തിന്റെ ഭരണകാലത്ത് ഇറാഖ്, ഈജിപ്ത് തുടങ്ങിയ വൻ പ്രദേശങ്ങൾ ഇസ്‌ലാമിന്റെ കീഴിൽ വന്നപ്പോൾ അങ്ങനെ ചെയ്യാൻ വിസമ്മതിച്ചു. അതുപോലെ തന്നെ യജമാനന്റെ കുഞ്ഞിന് ജന്മം നൽകിയ അടിമസ്ത്രീയെ (ഉമ്മു വലദ്) വിൽക്കുന്നതും അനന്തരാവകാശമായി നൽകുന്നതും ഉമർ(റ) വിലക്കി. യജമാനന്റെ മരണത്തോടെ അവരും കുഞ്ഞും അദ്ദേഹത്തിന്റെ കൽപനപ്രകാരം സ്വതന്ത്രരാകും. ഇതും നബിയുടെ കാലത്തെ രീതിയിൽനിന്ന് വ്യത്യസ്തമായിരുന്നു. ഈ രണ്ട് സംഗതികളിലും റസൂൽ എങ്ങനെയാണ് ചെയ്തത് എന്നത് ഖണ്ഡിതമായി മനസ്സിലാക്കിയ സ്വഹാബികളിൽ പലരും ഉമറിനെ അനുകൂലിച്ചു. അവർക്ക് ഉമറിന്റെ നടപടികൾ സുന്നത്തിനെതിരാണെന്ന് തോന്നിയില്ല; എന്നു മാത്രമല്ല സുന്നത്തിന്റെ താൽപര്യങ്ങളോട് ഏറ്റവും യോജിക്കുന്നതാണെന്ന് അവർ മനസ്സിലാക്കി.

ഇതിൽനിന്ന് മനസ്സിലാവുന്നത് സുന്നത്തിനെ പൂർണമായും ഹദീസ്ബദ്ധമായല്ല മുൻതലമുറ മനസ്സിലാക്കിയത് എന്നാണ്. നബി(സ) ഉദ്ഘാടനം കുറിച്ച സാമൂഹിക-നാഗരിക പരിവർത്തനത്തിന്റെ വിശാലമായ താൽപര്യങ്ങൾക്ക് അനുയോജ്യമായ നടപടികളെയും സമീപനങ്ങളെയുമാണ് അവർ സുന്നത്തായി കണക്കാക്കിയത്. റസൂലിന്റെ നടപടികളിലും പ്രസ്താവങ്ങളിലും ഈ ഭാവിയിലേക്കുള്ള പ്രാരംഭ ചുവടുവെപ്പുകളെയും അടിത്തറ പാകലിനെയുമാണ് സ്വഹാബത്തും താബിഉകളുമൊക്കെ പൊതുവെ ദർശിച്ചത്. അവരെ സംബന്ധിച്ചേടത്തോളം ആഗോള മാനവികതയും സമൂലമായ പരിവർത്തനത്തിനുള്ള വികസ്വരമായ ഒരു കർമമാതൃകയുമായിരുന്നു സുന്നത്ത്. സുന്നത്തിന്റെ അടഞ്ഞ വായനകൾ ഉണ്ടാവുന്നത്, ഇസ്‌ലാമിന്റെ സാമൂഹിക ലക്ഷ്യങ്ങളെയും ഭാവിയിലേക്കുള്ള ഉൻമുഖത്വത്തെയും വിസ്മരിക്കുന്നത് കൊണ്ടാണ്.

റസൂലിന്റെ വാക്കുകളിലും പ്രവൃത്തികളിലും നിർദേശങ്ങളിലും നമുക്ക് കാണാൻ കഴിയുക അങ്ങേയറ്റം പുരോഗമനോന്മുഖമായ ഒരു സമൂഹത്തിന്റെ നിർമാണത്തെയാണ്. ഹദീസുകളെ മൊത്തത്തിൽ വായിക്കുന്നതിലൂടെ ഇത് മനസ്സിലാക്കാനാവും. ഉൽകൃഷ്ടമായ ഒരു സമൂഹത്തിന്റെ (ഉമ്മത്ത്) നിർമാണത്തിനും നിലനിൽപിനും ആവശ്യമായ ബലതന്ത്രങ്ങളെ ഉജ്ജീവിപ്പിച്ച് നിലനിർത്താൻ റസൂൽ(സ) അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം ശ്രമിച്ചു. അതോടൊപ്പം തന്നെ സമൂഹത്തിന്റെ നിലനിൽക്കുന്ന അവസ്ഥയെക്കുറിച്ച ആഴമേറിയ ഉൾക്കാഴ്ചയും റസൂലിന്റെ പ്രവർത്തനങ്ങളിലും അനുവാദങ്ങളിലും വിലക്കുകളിലും കാണാൻ കഴിയുന്നു. മുമ്പ് ഉദ്ധരിച്ച അടിമസ്ത്രീ (ഉമ്മുൽ വലദ്)യുമായി ബന്ധപ്പെട്ട് റസൂൽ

അനുവദിച്ചു നൽകിയ കാര്യത്തെ പ്രവാചകൻ താൽക്കാലികമായി നൽകിയ മൗനാനുവാദമായി മാത്രമാണ് കർമശാസ്ത്രവിശാരദന്മാർ കണക്കാക്കുന്നത്. ഇതിനെ മൗനാനുവാദപ്രകാരമുള്ള സുന്നത്ത് (സുന്ന: സുകൂതിയ്യ) എന്ന് വിളിക്കുന്നു. സുന്നത്തിന്റെ രൂപീകരണത്തെക്കുറിച്ച് നിരവധി ഉൾക്കാഴ്ചകൾ ഇത്തരം സംഭവങ്ങൾ നമുക്ക് നൽകുന്നു.

ഒന്നാമതായി, മഹത്തായ ഒരു സമൂഹത്തിന്റെ രൂപീകരണത്തിന്റെ പശ്ചാത്തലത്തിലാണ് സുന്നത്ത് രൂപപ്പെടുന്നത്. ഇത്തരം ഒരു സാഹചര്യത്തിൽ, തദ് സമൂഹത്തിൽ നടപ്പിലുള്ള ചില ആചാരങ്ങളെയും നടപടികളെയും താൽക്കാലികമായി റസൂൽ (സ) അനുവദനീയമാക്കിക്കൊടുത്തു. ഈ താൽക്കാലികതയെ ഇസ്‌ലാമിക സമൂഹം മറികടന്നപ്പോൾ സ്വാഭാവികമായും സ്വഹാബിമാർ തന്നെ, അതിന് വിരുദ്ധമായ നിയമനിർമാണം നടത്തി. ഇതുപോലെതന്നെയാണ് പിടിച്ചെടുത്ത പ്രദേശങ്ങൾ പോരാളികൾക്ക് റസൂൽ(സ) നൽകിയ സംഭവവും. ദൈവമാർഗത്തിലെ സമരത്തെ ഇസ്‌ലാമിലെ സജീവമായ ഒരു പാരമ്പര്യമായി സ്ഥാപിക്കാൻ വേണ്ടിയാണിത്. അങ്ങനെ അത് സ്ഥാപിതമായപ്പോൾ കൂടുതൽ വലിയ സാമൂഹിക-നാഗരിക താൽപര്യങ്ങളും നീതിയും പരിഗണിച്ച് ഇവയെല്ലാം ഉമർ(റ) റദ്ദ് ചെയ്തു.



സുന്നത്തിനേക്കാളേറെ സുന്നത്തിന്റെ രൂപീകരണത്തിന്റെ സാമൂഹ്യശാസ്ത്രത്തെക്കുറിച്ച് ഹദീസുകൾ നമുക്ക് വെളിച്ചം പകരുന്നുണ്ട്. റസൂൽ(സ) ഏകപക്ഷീയമായി സമൂഹത്തിന്റെ മേൽ അടിച്ചേൽപിച്ച കുറെ വിധിവിലക്കുകളല്ല സുന്നത്ത്. ഒരു സമൂഹത്തോടൊന്നിച്ച് ജീവിച്ച് അവരോട് സംവദിച്ച് അവരോടൊപ്പം പ്രവർത്തിച്ച് റസൂൽ(സ) രൂപപ്പെടുത്തിയെടുത്തതാണ് സുന്നത്ത്. ഇതിൽ, സ്വഹാബിമാർ റസൂലിന്റെ മുമ്പിൽ വച്ച നിർദേശങ്ങളെ നബി(സ) സുന്നത്താക്കി നിശ്ചയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ബാങ്ക് വിളിയുടെ ക്രമവും രീതിയും അങ്ങനെയാണ് രൂപപ്പെടുന്നത്.

ആധുനിക ഭൗതിക നാഗരികത, സ്ത്രീകളെ ഉപഭോഗ വസ്തുക്കളായി കാണുന്നു. എന്നാൽ ഇന്ന് നമ്മുടെ പരമ്പരാഗത മതബോധവും യാഥാസ്ഥിതിക-ഉൽപതിഷ്ണു വിഭജനമില്ലാതെ സ്ത്രീകളെക്കുറിച്ച് മതകീയമായ ഒരു ഉപഭോഗ വസ്തു എന്ന കാഴ്ചപ്പാടാണ് വെച്ചു പുലർത്തുന്നത്. ഇത് ഇസ്‌ലാമിന് അതിന്റെ പ്രകൃതിയിൽ അന്യമായ ഒന്നാണ്. എന്തുകൊണ്ടാണ് സ്ത്രീകൾക്കു നേരെയുള്ള വികലമായ സമീപനം മുസ്‌ലിംകൾക്കിടയിൽ വ്യാപകമായിട്ടുള്ളത്? ഇസ്‌ലാം നമുക്ക് നൽകിയിട്ടുള്ളത് കുറെ വിധിവിലക്കുകൾ മാത്രമല്ല. ആ വിധിവിലക്കുകൾ പ്രസക്തമാകുന്ന ഒരു സാമൂഹിക ക്രമത്തെക്കുറിച്ച മഹത്തായ വിഭാവനയാണ് ഇസ്‌ലാമിന്റെ കാതൽ. പ്രവാചകന്റെ പ്രവർത്തനങ്ങളുടെയും പോരാട്ടങ്ങളുടെയും ലക്ഷ്യം തന്നെ ഇങ്ങനെയൊരു ക്രമത്തെ നിലവിൽ കൊണ്ടുവരിക എന്നതാണ്.

ഓരോ വിധിയിലൂടെയും, സമൂഹത്തിലെ വികലമായ സങ്കൽപങ്ങളെയും രീതികളെയും നിർമാർജ്ജനം ചെയ്യാനോ പരിവർത്തിപ്പിക്കാനോ ഇസ്‌ലാം ശ്രമിച്ചു. എന്നാൽ ഇന്ന് ഇസ്‌ലാമിലെ വിധിവിലക്കുകൾ അവയുടെ സാമൂഹികമായ അർഥം തീരെ വിസ്മരിക്കപ്പെട്ടരീതിയിൽ മനസ്സിലാക്കപ്പെടുന്നു. തന്നിമിത്തം ഇസ്‌ലാമിന് അന്യമായ, ജാഹിലിയ്യമായ പ്രഭുത്വത്തിന്റെയും പൗരോഹിത്യത്തിന്റെയും സങ്കൽപങ്ങളിലധിഷ്ഠിതമായി ഇസ്‌ലാമിലെ വിധികൾ മനസ്സിലാക്കപ്പെടുന്നു. ഇതിന്റെ ഫലമായിത്തന്നെയാണ് 'ദീനിയ്യായ നല്ല ഉപഭോഗ വസ്തു'വായി സ്ത്രീയെ നിലനിർത്താനുള്ള കർമശാസ്ത്ര വിധികളായി സ്ത്രീകളുമായി ബന്ധപ്പെട്ട ഇസ്‌ലാമിലെ മതവിധികൾ മനസ്സിലാക്കപ്പെടുന്നതും വ്യാഖ്യാനിക്കപ്പെടുന്നതും രൂപീകരിക്കപ്പെടുന്നതുമൊക്കെ.

ഹദീസുകളെ വായിക്കുന്നവർ തങ്ങളുടെ പിന്തിരിപ്പൻ ബോധങ്ങൾക്കനുകൂലമായി അവയിലെ വിധികളെ വായിക്കുന്നു, വ്യാഖ്യാനിക്കുന്നു. ഹദീസുകളിലെ പ്രമുഖമായ സാമൂഹിക ഉള്ളടക്കം തീരെ കാണാതെ പോവുകയും ചെയ്യുന്നു. ഇതേ വിഭാഗത്തിന്റെ മറ്റൊരു പതിപ്പാണ് ഹദീസ് നിഷേധികളും. കാരണം അവർക്കും ഹദീസുകളിലെ സാമൂഹിക ക്രമത്തെ തിരിച്ചറിയാൻ കഴിയാത്തതുകൊണ്ടാണല്ലോ, ഹദീസ് നിഷേധികളാവുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കും കുട്ടികൾക്കും വലിയവർക്കും ദരിദ്രർക്കും ധനികർക്കും ദുർബലർക്കും ശക്തർക്കും തുല്യപങ്കാളിത്തമുള്ള ഒരു സമൂഹത്തെയാണ് ഹദീസുകളിൽ കാണാൻ കഴിയുന്നത്. വിധിവിലക്കുകൾ ഈ വിഭാഗങ്ങളുടെയെല്ലാം ആരോഗ്യകരമായ കൂട്ടായ്മക്ക് വേണ്ടിയാണ്.

ഹദീസുകളിലധികവും സാമൂഹിക ഇടപെടലുകളെയാണ് കുറിക്കുന്നത്. ദുർബലരുടെ ശാക്തീകരണത്തിനുള്ള പ്രവർത്തനങ്ങൾ, ആത്മീയ വളർച്ചക്കാവശ്യമായ വൈയക്തിക പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പ്രചോദനങ്ങൾ, സ്വാർഥതയും ഭൗതികതയും കൈവെടിയാനുള്ള പ്രേരണകൾ, പോരാട്ട മനസ്ഥിതി സൃഷ്ടിക്കാനുള്ള ആഹ്വാനങ്ങൾ, ദുഷിപ്പുകളെയും ജഢികത്വത്തെയും ഇല്ലായ്മചെയ്യാനുള്ള പ്രവർത്തനങ്ങൾ, സ്വഭാവവൈശിഷ്ട്യം സൃഷ്ടിക്കൽ, മാനസികവും കായികവുമായ ആരോഗ്യം, ശുദ്ധി, സ്ത്രീകൾക്ക് സമൂഹത്തിൽ ക്രിയാത്മകമായ ധർമങ്ങൾ നൽകാനുള്ള പ്രത്യേക ശ്രമങ്ങൾ തുടങ്ങി എന്തെല്ലാം ഹദീസുകളിൽ കാണാൻ കഴിയുന്നു. എന്നിട്ടും ഇസ്‌ലാം വിഭാവന ചെയ്യുന്ന പുരോഗമനോന്മുഖ സമൂഹത്തെ സൃഷ്ടിക്കാൻ ഹദീസുകളുടെ വായനയിലൂടെ നമുക്ക് കഴിയുന്നില്ല. സ്വഹാബിമാർ അങ്ങനെയായിരുന്നില്ല. അവർ ഹദീസിലെയും സുന്നത്തിലെയും സാമൂഹിക ഉള്ളടക്കത്തെ ശരിക്കും തിരിച്ചറിഞ്ഞു, വളർത്തി വികസിപ്പിക്കാൻ ശ്രമിച്ചു. അതുകൊണ്ടു തന്നെ വിധിവിലക്കുകളെ ശരിയാംവണ്ണം കൈകാര്യം ചെയ്യാൻ അവർക്കു സാധിച്ചു. ഈയൊരു ദിശാബോധം നമുക്ക് നഷ്ടപ്പെട്ടതുകൊണ്ട് ചെറിയ പ്രശ്നങ്ങളെപ്പോലും തിരിച്ചറിയാനോ തിരുത്താനോ കഴിയുന്നില്ല. കുറെ വലിയ മുദ്രാവാക്യംവിളികളുടെ ആരവത്തിൽ, എല്ലാം തുടങ്ങിയവസാനിക്കുന്നു. ആ മുദ്രാവാക്യങ്ങളെ പ്രയോഗത്തിൽ വരുത്താനുള്ള ചെറിയ ശ്രമങ്ങളെപ്പോലും, തിരുത്തലുകളെപോലും ജീവിതത്തിൽ കൊണ്ടുവരാൻ സാധിക്കുന്നുമില്ല. ഇതാണ് നമ്മുടെ ഇസ്‌ലാമിക വ്യക്തിത്വവും സംസ്കാരവും പോരാട്ടവും നശിക്കുന്നതിന്റെ മുഖ്യകാരണം. ■